# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 791** — **11.07.2016 ൽ മറുപടിക്ക്**

## ഭൂമി വിൽക്കുന്നതിനുവേണ്ടി മാനേജർമാർ സ്കൂൾ പൂട്ടുന്ന പ്രവണത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞ സ്കൂളുകളിൽ, ഭൂമി വിൽക്കുന്നതിനുവേണ്ടി, മാനേജർമാർ സ്കൂൾ പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞുവരുന്ന സ്കൂളുകളിൽ കുട്ടികൾ കുറവായ കാരണം കൊണ്ടുമാത്രമല്ല, സ്കൂളുകൾ പ്രവർത്തിച്ചുവരുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും വില്പന നടത്തുന്നതിനുമായാണ് മാനേജർമാർ സ്കൂളുകൾ അടച്ചുപൂട്ടാൻ നോട്ടീസ് നൽകി വരുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന് മാനേജർമാർക്ക് അധികാരം നൽകുന്ന വകുപ്പുകൾ കേരള വിദ്യാഭ്യാസ ചട്ടത്തിൽ (കെ.ഇ.ആർ.) ഉള്ളത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)<br>(സി)<br>(ഡി) | കെ.ഇ.ആർ. ചട്ടം മറയാക്കി സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് കോടതിയിൽ നിന്ന് അനുകൂല വിധി നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ 1958 - ലെ കേരള വിദ്യാഭ്യാസ നിയമത്തിലെ ഇതു മായി ബന്ധപ്പെട്ട സെക്ഷൻ 7(6) ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനു പുറമേ സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും വസ്തുവകകൾ, ചരിത്രമുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. |
| (സി) | പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ അധികൃതരുടെയും അനുമതിയും ഒരു കിലോമീറ്റർ ചുറ്റളവിൽ മറ്റ് സ്കൂളുകൾ വേണം എന്നിരിക്കെ കെ.ഇ.ആർ. ചട്ടം മറയാക്കി കോടതിയിൽ നിന്ന് അനുകൂലവിധി നേടിയെടുക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; | | |
| (ഡി) | സ്കൂൾ അടച്ചുപൂട്ടിയാലും തലമുറകളായി കൈമാറുന്ന ഇത്തരം സ്ഥാപനങ്ങളുടെ ഭൂമി വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ